(ഡി) വായ്പയെടുത്തത് തിരിച്ചടയ്ക്കാൻ സാധിക്കാതെ പലിശയും, പിഴപ്പലിശയുമായി വൻതുക്കകൾ അടയ്ക്കാനുള്ളവർക്ക് ഇളവുകൾ നൽകി സെറ്റിൽ ചെയ്യുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കെ. എസ്. എഫ്. ഇ. വഴി നൽകി വരുന്ന വായ്പകളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചിട്ടി ലോൺ
2. പാസ്സ് ബുക്ക് ലോൺ
3. ഗോൾഡ് ലോൺ
4. റിലയബിൾ കസ്റ്റമർ ലോൺ
5. കൺസ്യൂമർ/വെഹിക്കിൾ ലോൺ
6. ട്രേഡ് ലോൺ, ഫ്ളക്സി ട്രേഡ് ലോൺ
7. ഹൗസിംഗ് ഫിനാൻസ് പദ്ധതി
8. ഫിക്സഡ് ഡെപ്പോസിറ്റ് ലോൺ
9. സ്പെഷ്യൽ കാർ ലോൺ പദ്ധതി
10. നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് എടുക്കുന്നതിനുള്ള ലോൺ (ടാക്സ് പ്ലാനിംഗ് ലോൺ)

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വായ്പ ഇനത്തിൽ കിട്ടാക്കടമായി തുക ഒന്നും വകതിരിച്ചിട്ടില്ല.

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-3-2005 വരെ ഇപ്പോൾ തന്നെ നിലവിലുണ്ട്.

കെ. എസ്. എഫ്. ഇ. പരസ്യയിനത്തിൽ ചെലവഴിച്ച തുക.

30 [3892] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പരസ്യങ്ങൾക്കായി 2001 മുതൽ ഓരോ വർഷവും ചെലവഴിച്ചിട്ടുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പരസ്യ പ്രചരണത്തിന്റെ ഭാഗമായി ടി. വി. ചാനലുകൾക്ക് പരസ്യം നൽകാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ഓരോ ചാനലിനും 2001 മുതൽ നൽകിയിട്ടുള്ള പരസ്യത്തുക എത്ര;

(ഡി) 2004 സെപ്റ്റംബർ മുതൽ പരസ്യ പ്രചരണത്തിനായി കെ. എസ്. എഫ്. ഇ. ഓരോ മാസവും ചെലവഴിച്ചിട്ടുള്ള സംഖ്യ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏതൊക്കെ പത്രങ്ങൾക്കും ടി. വി. ചാനലുകൾക്കും സുവനീറുകൾക്കും പരസ്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിനായി ചെലവഴിച്ച സംഖ്യ ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് പരസ്യങ്ങൾക്കായി ചെലവാക്കിയ കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	*തുക*
2001-2002	71,08,970 രൂപ
2002-2003	69,05,286 രൂപ
2003-2004	1,14,74,198 രൂപ

(ബി) നൽകാറുണ്ട്.

(സി) 2001 മുതൽ 2004 വരെ വിവിധ ഉപഗ്രഹ ചാനലുകൾക്ക് നൽകിയ പരസ്യത്തുക ചുവടെ ചേർക്കുന്നു

ചാനലുകൾ	*പരസ്യത്തുക*
ഡി. ഡി. 4	4,78,850 രൂപ
ഏഷ്യാനെറ്റ്	4,40,900 രൂപ
കൈരളി	3,98,950 രൂപ
ജീവൻ	2,62,400 രൂപ
ഇൻഡ്യാവിഷൻ	1,62,000 രൂപ
സൂര്യ	1,16,700 രൂപ

(ഡി) 2004 നവംബർ മുതൽ ഒരു പരസ്യവും കൊടുക്കരുതെന്ന ഗവൺമെന്റു നിർദ്ദേശം ഉണ്ടായതിനെ തുടർന്ന് പരസ്യങ്ങൾ കൊടുത്തിട്ടില്ല. എന്നാൽ നേരെത്തെ കൊടുത്ത പരസ്യങ്ങൾക്ക് താഴെ പറയുന്ന തുക കൊടുത്തിട്ടുണ്ട്.

സെപ്റ്റംബർ	4,78,224 രൂപ
ഒക്ടോബർ	4,51,349 രൂപ
നവംബർ	5,37,110 രൂപ
ഡിസംബർ	92,700 രൂപ
ജനുവരി	9,460 രൂപ
ഫെബ്രുവരി	65,200 രൂപ
മാർച്ച്	2,04,405 രൂപ

(ഇ) സെപ്റ്റംബർ 2004 മുതൽ മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി, ദീപിക, മംഗളം, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, ഇൻഡ്യൻ എക്സ്പ്രസ്, ദി ഹിന്ദു എന്നീ പത്രങ്ങൾക്കും മംഗളം വാരികയ്ക്കും കൂടാതെ ദൂരദർശൻ (മലയാളം), കൈരളി, സൂര്യ ഏഷ്യാനെറ്റ്, ജീവൻ എന്നീ ടി. വി. ചാനലുകളിലും പരസ്യം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ചെലവഴിച്ച സംഖ്യ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ടി. വി. ചാനലുകൾക്ക്	6,75,810 രൂപ
പത്രമാസികകൾക്ക്	7,44,445 രൂപ
ശബരിമലയിൽ ഹോർഡിംഗ്	31,738 രൂപ
നോട്ടീസ്, ബാനർ, പലവക പരസ്യം	3,86,455 രൂപ

ഇടുക്കി ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ എൽ. ഡി. ക്ലാർക്ക് തസ്തികകൾ നിറുത്തലാക്കുന്നതിനെതിരെ നടപടി

31 [3891] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ജില്ലാ ഇൻഷ്വറൻസ് ആഫീസിൽ നിന്നും എൽ. ഡി. ക്ലാർക്ക് ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ തിരുവനന്തപുരം ജില്ലയിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) ഇടുക്കിയിലെ ജില്ലാ ഇൻഷ്വറൻസ് ആഫീസിലെ തന്നെ ജോലി ഭാരക്കൂടുതൽ കാരണം ഇവിടെ നിന്നും മറ്റ് ജില്ലകളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിയവരെ തിരികെ ഈ ആഫീസിലേക്ക് മാറ്റി നിയമിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആഫീസിലെ ജോലികൾ നിർവ്വഹിക്കുവാൻതന്നെ ആവശ്യമായ ജീവനക്കാർ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ഇവിടെനിന്നും തസ്തികകൾ മാറ്റുന്നതിനുള്ള നടപടികൾ നിറുത്തിവയ്ക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ഉൾപ്പെടെയുള്ള ചില ജില്ലാ ആഫീസുകളിൽ ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെന്ന് ബോധ്യമായതിനെ തുടർന്ന് താരതമ്യേന ജോലിഭാരം കുറവുള്ള ഇടുക്കി, വയനാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ നിന്നും ക്ലറിക്കൽ തസ്തികയിലെ അധികമുള്ള ജീവനക്കാരെ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ അയച്ചുതരുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അപ്രകാരം ഒരു സാഹചര്യം ഉണ്ടെന്നു ബോധ്യപ്പെട്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly